# സുഗന്ധവ്യഞ്ജന കയറ്റുമതിയിൽ റെക്കോഡ്

## കയറ്റുമതി ലക്ഷ്യം വെച്ചതിലും അധികം

കൊച്ചി ▸ ഇന്ത്യയുടെ സുഗന്ധ വ്യഞ്ജന കയറ്റുമതി റെക്കോഡ് നേട്ടം കൈവരിച്ചു. 2017-18 സാമ്പത്തിക വർഷം എട്ട് ശതമാനമാണ് കയറ്റുമതി വർധന. 17,929.55 കോടി രൂപ വിലവരുന്ന 10,28,060 ടൺ സുഗന്ധവ്യഞ്ജനങ്ങളാണ് ഇക്കാലയളവിൽ രാജ്യത്തു നിന്ന് കയറ്റുമതി ചെയ്തത്.

2016-17 സാമ്പത്തിക വർഷം 17,664.61 കോടി രൂപ വിലവരുന്ന സുഗന്ധവ്യഞ്ജനങ്ങളാണ് കയറ്റുമതി ചെയ്തത്. 9,47,790 ടണ്ണായിരുന്നു കയറ്റുമതി. പുതിയ കണക്കു പ്രകാരം കയറ്റുമതി മൂല്യം രൂപ നിരക്കിൽ ഒരു ശതമാനത്തിൻെറ വർധന രേഖപ്പെടുത്തി. 2017-18-ൽ സുഗന്ധവ്യഞ്ജന കയറ്റുമതിയിലൂടെ ലഭിച്ച ഡോളർ വരുമാനം 2,781.46 ദശലക്ഷമാണ്. 2016-17 സാമ്പത്തിക വർഷത്തേക്കാം അഞ്ച് ശതമാനം വർധനയാണ് ഡോളർ വരുമാനത്തിൽ നേടിയത്.

2017-18-ൽ ലക്ഷ്യം വച്ചിരുന്നതിലും അധികമാണ് മൊത്തം സുഗന്ധവ്യഞ്ജന കയറ്റുമതിയെന്ന് സ്പൈസസ് ബോർഡ് ചെയർമാൻ എ. ജയതിലക് പറഞ്ഞു. ഇന്ത്യൻ സുഗന്ധ വ്യഞ്ജനങ്ങളെ ആഗോളതലത്തിൽ പ്രചരിപ്പിക്കാനായി സ്പൈസസ് ബോർഡ് നടത്തിയ നൂതനമായ വിപണി



ഇടപെടലാണ് നേട്ടത്തിന് പിന്നിലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

2017-18-ൽ 17665.10 കോടി രൂപ (2,636.58 ദശലക്ഷം ഡോളർ) മൂല്യം വരുന്ന 10,23,000 ടൺ സുഗന്ധവ്യഞ്ജന കയറ്റുമതിയാണ് ലക്ഷ്യമിട്ടിരുന്നത്. ഏലം, ജീരകം, വെളുത്തുള്ളി, കായം, പുളി എന്നീ വ്യഞ്ജനങ്ങളും അയമോദകം, കടുക്, ദിൽ വിത്ത്, പോപ്പി വിത്ത് എന്നീ വിത്തിനങ്ങളും അളവിലും മൂല്യത്തിലും വളർച്ച കൈവരിച്ചു. മൂല്യവർധിത ഉത്പന്നങ്ങളായ കറിപ്പൊടി/പേസ്റ്റ്, സുഗന്ധവ്യഞ്ജന എണ്ണകം, സത്തുകം എന്നിവയുടെ അളവിലും മൂല്യത്തിലും വർധനയുണ്ടായി. മുളക്, മല്ലി, സെലറി, ജാതിക്കായ്, ജാതിപത്രി എന്നിവയുടെ കയറ്റുമതി അളവിലും വർധനയുണ്ടായി.

ഇന്ത്യയിൽനിന്ന് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന സുഗന്ധവ്യഞ്ജനം മുളകാണ്. 4,256.33 കോടി രൂപ വിലവരുന്ന 4,43,900 ടൺ മുളകാണ് 2017-18-ൽ കയറ്റുമതി ചെയ്തത്. 609.08 കോടി രൂപ വിലവരുന്ന 5,680 ടൺ ഏലവും ഈ കാലയളവിൽ കയറ്റുമതി ചെയ്തു.

മൂല്യവർധിത ഉത്പന്നങ്ങളായ കറിപ്പൊടി/പേസ്റ്റ് എന്നിവ 30,150 ടണ്ണാണ് കയറ്റുമതി ചെയ്തത്. 616.20 കോടി രൂപയാണ് ഇതിൽ നിന്നു ലഭിച്ച വരുമാനം. സുഗന്ധവ്യഞ്ജന എണ്ണ, സത്ത് എന്നിവയുടെ കയറ്റുമതി അളവിൽ 42 ശതമാനവും മൂല്യത്തിൽ 15 ശതമാനവുമാണ് വർധന. 2,661.72 കോടി രൂപ വില വരുന്ന 17,200 ടൺ സുഗന്ധവ്യഞ്ജന എണ്ണ സത്താണ് കയറ്റുമതി ചെയ്തത്.